**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3331** **13-07-2022 - ൽ മറുപടിയ്ക്ക്**

**വാമനപുരം വില്ലേജിലെ റീസർവ്വേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വാമനപുരം നിയോജകമണ്ഡലത്തിലെ വാമനപുരം വില്ലേജിൽ വർഷങ്ങൾക്ക് മുമ്പ് റീസർവ്വേ കഴിഞ്ഞെങ്കിലും ആയതിന്മേൽ ഇതുവരെയും തുടർനടപടികൾ സ്വീകരിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ; | (എ) | വാമനപുരം വില്ലേജിന്റെ റീസർവ്വെ ജോലികൾ കൺവെൻഷണൽ രീതിയിൽ പൂർത്തിയാക്കി 29/08/2017 ന് സെക്ഷൻ 13 പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. പ്രസ്തുത വില്ലേജിന്റെ റീസർവ്വെ റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറുന്നതിന് തയ്യാറായിട്ടുള്ളതും കൈമാറുന്നതിനുള്ള അനുമതിയ്ക്കായി നെയ്യാറ്റിൻകര റീസർവ്വെ അസിസ്റ്റന്റ് ഡയറക്ടർ 10/06/2022 ന് തിരുവനന്തപുരം ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുള്ളതും, ആയതിൽ ഉടൻ തന്നെ ഉത്തരവ് പുറപ്പെടുവിച്ച് റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറുന്നതുമാണ്. |
| (ബി) | പ്രസ്തുത വില്ലേജിൽ ഡ്രോൺ ഉൾപ്പെടെയുള്ള ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള സർവ്വേ നടത്താൻ ആലോചനയുണ്ടോ; വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത് നിലവിൽ ഡിജിറ്റലായി സർവ്വെ പൂർത്തിയായിട്ടുള്ളതും, പുരോഗതിയിലുള്ളതുമായ വില്ലേജുകൾ കുറച്ച് ശേഷിക്കുന്ന 1550 വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വെ നാല് വർഷത്തിനകം പൂർത്തിയാക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയുള്ള വില്ലേജുകളിലാണ് നിലവിൽ ഡ്രോൺ സർവ്വെ നിർവഹിച്ചുവരുന്നത്. ഡിജിറ്റൽ സർവ്വെയുടെ അടുത്ത ഘട്ടങ്ങളിൽ വാമനപുരം വില്ലേജിനെ ഉൾപ്പെടുത്തി ഡ്രോൺ ഉൾപ്പെടെയുള്ള ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള റീസർവ്വെ നടത്താൻ കഴിയുന്നതാണ്. |
| (സി) | സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ എവിടെയെല്ലാമാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്നും എന്തെല്ലാമാണ് ഇതിന്റെ നേട്ടങ്ങളെന്നും വിശദമാക്കാമോ? | (സി) | സംസ്ഥാനത്ത് നിലവിൽ ഡിജിറ്റലായി സർവ്വെ പൂർത്തിയായിട്ടുള്ളതും, പുരോഗതിയിലുള്ളതുമായ വില്ലേജുകൾ കുറച്ച് ശേഷിക്കുന്ന 1550 വില്ലേജുകളിലാണ് ഡിജിറ്റൽ റീസർവ്വെ നാല് വർഷത്തിനകം പൂർത്തിയാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. ഡിജിറ്റൽ സർവ്വെ പദ്ധതി പൂർത്തിയാകുന്നതോടെ മാപ്പ് അധിഷ്ഠിത പോക്ക് വരവ് സംവിധാനം നടപ്പിലാക്കുകയും എല്ലാ |

| | | | |
|---|---|---|---|
| | | | ഭൂമിക്കും രേഖയുണ്ടാവുകയും, ഭൂസംബന്ധമായ സേവനങ്ങൾ വിവിധ വകുപ്പുകൾ സന്ദർശിക്കാതെ ഭൂവുടമകൾക്ക് ഒരു പോർട്ടൽ മുഖേന ലഭ്യമാക്കുന്നതിനും, ഭൂമിയെ സംബന്ധിച്ച എല്ലാ വിവരങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള റിക്കാർഡ് ഓഫ് റൈറ്റ് ലഭ്യമാകുന്നതിനും സാധിക്കുന്നതാണ്.<br><br>സംസ്ഥാനത്ത് ഭൂസംബന്ധമായ എല്ലാ സേവനങ്ങളും ഓൺലൈൻ മുഖേന പൊതുജനങ്ങൾക്ക് ലഭ്യമാക്കുക, ദുരന്ത നിവാരണ വകുപ്പ് ഉൾപ്പെടെ വിവിധ ഏജൻസികൾക്ക് ഡിജിറ്റൽ മാപ്പ് അടിസ്ഥാന രേഖയായി ലഭ്യമാക്കുക, സർവ്വെ സ്കെച്ച് ഉൾപ്പെടെ പോക്കുവരവ് രേഖ സാധ്യമാക്കുക എന്നിവയാണ് ഡിജിറ്റൽ സർവ്വെയിലൂടെ പ്രധാനമായും ലക്ഷ്യമിടുന്നത്. ഡിജിറ്റൽ സർവ്വെയിലൂടെ സംസ്ഥാനത്തിന്റെ ഒട്ടാകെയുള്ള GIS (Geographic Information System) മാപ്പ് തയ്യാറാക്കുന്നതിലൂടെ Land Use Board, സംസ്ഥാന ദുരന്ത നിവാരണ വകുപ്പ്, കൃഷി വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, ജലസേചന വകുപ്പ് തുടങ്ങിയ വകുപ്പുകൾക്കും, ഭൂമിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ, ഏകോപനം എന്നിവ കൈകാര്യം ചെയ്യുന്ന വിവിധ ഏജൻസികൾക്കും ടി റിക്കാർഡുകൾ പ്രയോജനപ്പെടുന്നതാണ്. ഇപ്രകാരം ഇതൊരു അടിസ്ഥാന രേഖയായി കണക്കാക്കി മറ്റു വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ